പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2795

12.10.2011-ൽ മറുപടിയ്ക്ക്

ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. പി.എം.ജി.എസ്. വൈ പദ്ധതി പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണ്; | എ. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500-ൽ അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മി. ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>2. പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ്വർക്കിന്റെ ഭാഗമായിരിക്കണം.(നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)<br>3. കൂടുതൽ ആളുകൾക്ക്/ആവാസകേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.<br>4. ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ളോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>5. ഈ പദ്ധതി പ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം. |
| ബി. ഇത്തരം നിബന്ധനകൾ സംസ്ഥാനത്തെ റോഡുകളുടെയും ഭൂപ്രകൃതിയുടെയും പശ്ചാത്തലത്തിൽ സൃഷ്ടിക്കുന്ന പ്രയാസങ്ങളും പ്രായോഗിക വിഷമതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി. ഉണ്ട്. |

| | | | |
|---|---|---|---|
| സി. | എങ്കിൽ നിബന്ധനകളിൽ ആവശ്യമായ ഇളവുകളും ഭേദഗതികളും വരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ; | സി. | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവാസ കേന്ദ്രങ്ങളുടെ നിർവ്വചനത്തിൽ മാറ്റം വരുത്തണമെന്നും റോഡിന്റെ ഗ്രേഡിയന്റിന് ഇളവ് അനുവദിക്കണമെന്നും പൈപ്പ്ലൈൻ, ഇലക്ട്രികൾ പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രമീയവും കേന്ദ്രസർക്കാർ വഹിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി. | പി.എം.ജി.എസ.വൈ. പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ ടെണ്ടർ സ്വീകരിക്കുവാൻ ആളുകൾ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ ; | ഡി. | ഉണ്ട്. |
| ഇ. | എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ? | ഇ. | പി.എം.ജി.എസ്.വൈ. പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിയ്ക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശയിൻമേൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.